●
അനുസ്മരണം

## അബ്ദുൽഖാദർ മാസ്റ്റർ



**പള്ളിക്കര** അബ്ദുൽഖാദർ മാസ്റ്റർ (അന്തുസാർ 78) അല്ലാഹുവിലേക്ക് യാത്രയായി. എത്ര അഭിപ്രായ ഭിന്നതയുള്ളവർക്കും അനിഷ്ടം വെച്ചുപുലർത്താൻ കഴിയാത്ത പ്രകൃതത്തിനുടമയായിരുന്നു.

ചന്തിരൂർ, വടുതല, കാഞ്ഞിരപ്പിള്ളി എന്നിവിടങ്ങളിലെ പള്ളി ദർസ് പഠനത്തിനുശേഷം ഫറൂഖ് റൗദത്തുൽ ഉലൂമിൽ ചേർന്നു. പിന്നീട് ശാന്തപുരത്ത് അധ്യാപകനായി ചേർന്നെങ്കിലും താമസിയാതെ നാട്ടിൽ അറബി അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു.

പള്ളിക്കര മേഖലയിൽ തൊള്ളായിരത്തി അമ്പതുകളിൽ ജമാഅത്തെ ഇസ്‌ലാമി രംഗപ്രവേശം ചെയ്യുമ്പോൾ അന്തുസാറിനെപ്പോലെയുള്ള പണ്ഡിതന്റെ സാന്നിധ്യം പ്രസ്ഥാനത്തിന് അനുഗ്രഹമായി. ജീവിതാവസാനം വരെ ഒരു വിദ്യാർഥിയുടെ ആവേശത്തോടെ ഖുർആനും ഹദീസും ഫിഖ്ഹും മറ്റു ഇസ്‌ലാമിക വിഷയങ്ങളും അദ്ദേഹം പഠിച്ചുകൊണ്ടിരുന്നു.

ഇസ്‌ലാമിക പ്രസ്ഥാനത്തോടൊപ്പം സഞ്ചരിച്ച അന്തുസാർ ജമാഅത്തെ ഇസ്‌ലാമി കുറെക്കൂടി വേഗം മുന്നേറേണ്ടതുണ്ടെന്ന അഭിപ്രായക്കാരനായിരുന്നു. കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തിനിടെ *പ്രബോധന*ത്തിൽ പ്രസിദ്ധീകരിച്ച റാശിദുൽ ഗനൂശിയുടെയും മുഹമ്മദ് അസദിന്റെയും ലേഖനങ്ങൾ അദ്ദേഹത്തെ ആവേശഭരിതനാക്കിയിരുന്നു. മുഹമ്മദ് അസദിന്റെ ആധുനിക ചിന്തകൾ ഗംഭീരമാണെന്നും അവ അല്ലാഹുവിന്റെ ദീനിന് 21 -ാം നൂറ്റാണ്ടിൽ പുത്തനുണർവ് നൽകുമെന്നും അദ്ദേഹം പ്രത്യാശിച്ചു. 50 വർഷത്തിനിടെ പ്രസിദ്ധീകരിച്ച *പ്രബോധന*ത്തിന്റെ മുഴുവൻ ലക്കങ്ങളും ഏജന്റിന്റെ വീട്ടിൽ പോയി അദ്ദേഹം വായിച്ചു തീർത്തിട്ടുണ്ട്. അതിനു മുമ്പുള്ള പത്ത് വർഷത്തെ പ്രബോധനം പലപ്പോഴായി ശേഖരിച്ച് വായിച്ചിരുന്നു.

**കെ.പി യൂസുഫ്**

## പി.ഇ അബ്ദുല്ലക്കുട്ടി ഹാജി



**ഇസ്‌ലാമിക** പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകനായി ആയുഷ്കാലമത്രയും ചെലവഴിച്ചുകൊണ്ടാണ് പാലമഠത്തിൽ എരഞ്ഞിപ്പുറത്ത് അബ്ദുല്ലക്കുട്ടി ഹാജി നമ്മെ പിരിഞ്ഞത്. അബ്ദുർറഹ്മാൻ നഗർ പ്രാദേശിക ജമാഅത്ത് അംഗമായിരുന്നു. തോട്ടശ്ശേരിയറ കാർകുൻ ഹൽഖാ നാസിമായും പ്രവർത്തിച്ചുണ്ട്.

അറുപതുകളിൽ ഇ.കെ അബ്ദുൽഖാദർ ഹാജിയുടെയും ജ്യേഷ്ഠ സഹോദരൻ പി.ഇ മൊയ്തീൻകുട്ടി മാസ്റ്ററുടെയും നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച ഹംദർദ് ഹൽഖയിൽ വൈകാതെ അബ്ദുല്ലക്കുട്ടിഹാജിയും ചേർന്നു. അബ്ദുർറഹ്മാൻ നഗർ, കണ്ണമംഗലം, തിരൂരങ്ങാടി, വേങ്ങര പഞ്ചായത്തുകളായിരുന്നു പ്രവർത്തന മണ്ഡലം. കച്ചവടമായിരുന്നു ജീവിതമാർഗം. അതുവഴി നേടിയെടുത്ത വിപുലമായ വ്യക്തിബന്ധങ്ങൾ പ്രസ്ഥാനത്തിന് മുതൽകൂട്ടായിട്ടുണ്ട്.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ എല്ലാ പരിപാടികളിലും സംരംഭങ്ങളിലും അദ്ദേഹം മുന്നിൽ നടന്നു. പ്രാസ്ഥാനിക നിലപാടിൽ വിട്ടുവീഴ്ചക്കും നീക്കുപോക്കിനും തയാറാകാതെ തന്നെ കക്ഷിഭേദമന്യേ എല്ലാവരോടും സഹവർത്തിക്കാനായത് എടുത്തോതേണ്ട മാതൃകയാണ്.

**കെ.ടി അബ്ദുർറഹ്മാൻ നദ്‌വി**

## സി.വി ഖാസിം



**നാട്ടിലും** വിദേശത്തും ഇസ്‌ലാമിക പ്രവർത്തനങ്ങളിൽ മുൻപന്തിയിൽനിന്ന വ്യക്തിത്വമായിരുന്നു കോഴിക്കോട് മൂഴിക്കൽ സ്വദേശി സി.വി ഖാസിം.

ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയയിൽനിന്നും ബി.എ ബിരുദമെടുത്തശേഷം ജിദ്ദയിലെ നാഷനൽ കൊമേഴ്സ്യൽ ബാങ്കിൽ ജീവനക്കാരനായി. 1987 മുതൽ 1996 വരെ ഈ ജോലിയിൽ തുടർന്നു. ഇക്കാലത്താണ് ജിദ്ദയിൽ കെ.ഐ.ജി രൂപംകൊള്ളുന്നത്. പി. സൈതലവി സാഹിബിനോടൊപ്പം പിന്നണിയിൽ ഖാസിം സാഹിബുമുണ്ടായിരുന്നു. എപ്പോഴും പുഞ്ചിരിയോടെ ഇടപഴകിയിരുന്ന അദ്ദേഹം നാട്ടിലും മറുനാട്ടിലും വലിയ സുഹൃദ് ബന്ധങ്ങൾ നേടി. പാവപ്പെട്ടവരെ സഹായിക്കുന്നതിൽ പ്രത്യേക താൽപര്യം കാണിച്ചു.

പ്രദേശത്തെ ഇബാദുർറഹ്മാൻ ചാരിറ്റബ്ൾ ട്രസ്റ്റ് ചെയർമാനായും ഐ.സി.ടി സ്കൂൾ മാനേജറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. തന്റെ കുടുംബത്തെ ഇസ്‌ലാമിക

പ്രസ്ഥാനത്തോടൊപ്പം നിർത്താൻ പ്രത്യേകം ശ്രദ്ധിച്ചു. പരേതനായ ലക്കി അബൂബക്കർ ഹാജിയുടെ മകൾ റഹ്മത്താണ് ഭാര്യ. മക്കൾ: മുന്നഖാസിം, അറഫാത്ത് ഖാസിം, മർവാ ഖാസിം.

**മലോൽ അബൂബക്കർ**

## പി.എ സുലൈമാൻ മാസ്റ്റർ



**പാലക്കാട്** ആലത്തൂർ പുതുക്കോട് സ്വദേശി സുലൈമാൻ മാസ്റ്റർ അല്ലാഹുവിലേക്ക് യാത്രയാകുമ്പോൾ എടപ്പാൾ പ്രാദേശിക ജമാഅത്തിൽ പ്രവർത്തിച്ച് വരികയായിരുന്നു. പുതുക്കോട് പ്രദേശത്ത് പ്രസ്ഥാനം വളർത്തിക്കൊണ്ടുവരുന്നതിൽ അദ്ദേഹം മുഖ്യ പങ്ക് വഹിച്ചു. ആലത്തൂർ, വടക്കാഞ്ചേരി ഏരിയാ ഓർഗനൈസറായി ദീർഘകാലം സേവനം ചെയ്തിട്ടുണ്ട്. ഭാര്യയും മക്കളും പ്രസ്ഥാനപ്രവർത്തകരാണ്. പള്ളി സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. 1978 മുതൽ വടക്കാഞ്ചേരിയിലായിരുന്നു താമസം.

**അബ്ദുർറസാഖ് മാസ്റ്റർ വെങ്ങന്നൂർ**

*അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*